# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 01 | PUBLISHED FROM DELHI | PRICE Rs. 3/- | JANUARY 2013


## സുവാർത്ത 2012 അവസാനിച്ചു

**അടൂർ:** നെല്ലിമുകൾ ഫെയ്ത്ത് ഫെലോഷിപ്പ് സഭയും തിരുവനന്തപുരം ഇടയൻ ഗോസ്പൽ മിനിസ്ട്രീസും സംയുക്തമായി സംഘടിപ്പിച്ച സുവാർത്ത 2012 അവസാനിച്ചു. 2012 ഡിസംബർ 27 മുതൽ 30 വരെയുള്ള തീയതികളിൽ നടന്ന സുവിശേഷ മഹായോഗങ്ങൾ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ റെജി ശാസ്താംകോട്ട, പാസ്റ്റർ മനോജ് മങ്ങാട്, പാസ്റ്റർ റിജോ ജോസഫ് എന്നിവർ ദൈവവചന പ്രഘോഷണം നിർവ്വഹിച്ചു. മക്കൾ ജഡരക്തങ്ങളോട് കൂടിയവരാകയാൽ യേശു കർത്താവും അവരെപ്പോലെ ജഡരക്തങ്ങളോട് കൂടിയവനായി മനുഷ്യജാതിയെ എല്ലാ ഭയത്തിൽ നിന്നും വിടുവിച്ചു. ഇന്നു മനുഷ്യൻ അനുഭവിക്കുന്ന എല്ലാ ഭയങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും യേശുക്രിസ്തുവിൽ വിടുതലുണ്ട് എന്ന് പാസ്റ്റർ റെജി ശാസ്താംകോട്ട പ്രസ്താവിച്ചു. യേശുക്രിസ്തു യുഗങ്ങളുടെ പ്രഭാവനാണെന്നും നിത്യതയുടെ രാജാവായി രണ്ടാമതു വരുവാൻ പോകുന്നുവെന്നും വെളിപ്പാട് 4:1 ആധാരമാക്കി പാസ്റ്റർ മനോജ് മങ്ങാട് പറഞ്ഞു. കർത്താവായ യേശു നമ്മിലേക്ക് കടന്നുവരണമെങ്കിൽ നാം അവന് വഴിയൊരുക്കേണമെന്നും കർത്താവിനെ കൈക്കൊണ്ടവർ മറ്റുള്ളവർ യേശുവിലേക്ക് വരുവാൻ വഴിയൊരുക്കുന്നവരാകണമെന്നും പാസ്റ്റർ റിജു ജോസഫ് പ്രസ്താവിച്ചു. വിവിധ ദിവസങ്ങളിൽ പാസ്റ്റർ എബി ജോർജ്ജ്, പാസ്റ്റർ ഷാജി ബോയ് എസ്.എസ്., പാസ്റ്റർ റ്റി.പി. രാജു, പാസ്റ്റർ വി.എം. ഏബ്രഹാം എന്നിവർ അധ്യക്ഷത വഹിച്ചു.

ഇടയൻ ഗോസ്പൽ വോയ്സ്, ഫെയ്ത്ത് സീയോൻ സിംഗേഴ്സ് എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ വി.എം. ഏബ്രഹാം, സുവി. ജോൺസൺ ഡാനിയേൽ, സുവി. ജോൺസൺ ജെ, ബ്രദർ ജോയി എസ്., ബ്രദർ എഡ്വിൻ റ്റി., ബ്രദർ ദേവസ്യ ഡാനിയേൽ, ബ്രദർ ജോസ് പ്രതീഷ്, ബ്രദർ ജേക്കബ് ഡി., ബ്രദർ ബാബു പി., ജോർജ്ജ് ജി., സാമുവൽ എം. എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



*സുവാർത്ത 2012 എഫ്. എഫ്. സി. കേരളാ റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ എബി ജോർജ്ജ്, അനിയൻ സാമുവേൽ, വി.എം. ഏബ്രഹാം എന്നിവർ വേദിയിൽ*

## എഫ്. എഫ്. സി. 19-ാമത് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**അടൂർ**: ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിന്റെ പത്തൊമ്പതാമത് ജനറൽ കൺവൻഷൻ 2013 ഫെബ്രുവരി 28 വ്യാഴം മുതൽ മാർച്ച് 3 ഞായർ വരെ അടൂർ ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് വിവിധ പ്രോഗ്രാമുകളോടെ നടക്കും. 28-ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. യോഗങ്ങളിൽ പാസ്റ്റർ ജെ. സി. പാറക്കടവിൽ (തിരുവനന്തപുരം), പാസ്റ്റർ ഷാജു സി. ജോസഫ് (കോതമംഗലം), പാസ്റ്റർ ബി. വർഗ്ഗീസ് (മണക്കാല), പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി) എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ഫെബ്രുവരി 28 മുതൽ മാർച്ച് 2 വരെ എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 8.30 വരെ പൊതുയോഗം നടക്കും. മാർച്ച് 1ന് രാവിലെ 10 മണിക്ക് ശുശ്രൂഷക സമ്മേളനം ഉണ്ടായിരിക്കും. മാർച്ച് 2 ശനിയാഴ്ച പകൽ 10 മണിക്ക് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ അഞ്ചാമത് ബിരുദദാന സമ്മേളനം അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടക്കും. ഉച്ചയ്ക്ക് ശേഷം ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ പുത്രികാ സംഘടനകളായ സണ്ടേസ്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.ഡബ്ല്യു.എ., എഫ്.സി.എം.എഫ്. എന്നിവയുടെ സംയുക്ത വാർഷിക സമ്മേളനവും യൂത്ത് സെന്ററിൽ വച്ച് നടക്കും. മാർച്ച് 3 ഞായറാഴ്ച രാവിലെ 8 മണിക്ക് സ്നാനത്തിനുള്ള ക്ലാസ്സ്, 9 മണിക്ക് സ്നാന ശുശ്രൂഷ, 10 മണിക്ക് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് ഡൽഹി, കേരളാ, ബീഹാർ റീജനുകളുടെ സംയുക്ത സഭായോഗം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും.

കൺവൻഷന്റെ അനുഗ്രഹീതമായ നടത്തിപ്പിനായി പാസ്റ്റർ ബിജു ബഞ്ചമിൻ ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തനമാരംഭിച്ചു. പാസ്റ്റർ സുമേഷ് പി. ലാസർ (പബ്ലിസിറ്റി), പാസ്റ്റർ റ്റി. പി. രാജു (പ്രയർ), പാസ്റ്റർ ബോബി പി. ജോൺ, പാസ്റ്റർ വിനോദ് കെ. (ക്വയർ), പാസ്റ്റർ ഡി. ജോൺ, പാസ്റ്റർ മനോജ് തമ്പി (പ്രോഗ്രാം), പാസ്റ്റർ വി.എം. ഏബ്രാഹാം (ഭക്ഷണം), പാസ്റ്റർ എബി ജോർജ്ജ് (വോളണ്ടിയേഴ്സ്) എന്നിവർ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു.

## തെറ്റിപ്പോയ പ്രവചനങ്ങൾ

*പ്രത്യേക ലേഖകൻ*

മായൻ കലണ്ടർപ്രകാരം ലോകം 2012 ഡിസംബർ 21ന് അവസാനിക്കുമെന്ന ഭീതിയിലായിരുന്നു മനുഷ്യർ. ആ ഭീതി തല്ക്കാലം ആശ്വാസത്തിന് വഴിമാറിയിരിക്കുന്നുവെങ്കിലും ഭാവിയിലെ തീയതികൾ ലോകവസാനമായി പ്രവചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ദൈവമക്കൾക്ക് യാതൊരാശങ്കയും വേണ്ട. കാരണം, കർത്താവിന്റെ വരവ് പ്രവചനാതീതമാണ്. നാം ഇപ്പോൾ പറയുന്ന അന്ത്യകാല ലക്ഷണങ്ങൾ പുതിയനിയമ കാലത്തും ഉണ്ടായിരുന്നതുകൊണ്ടാണ് അപ്പൊസ്തലർ കർത്താവിന്റെ പുനഃപ്രത്യക്ഷത അവരുടെ കാലത്തുതന്നെ പ്രതീക്ഷിച്ചത്. ക്രൈസ്തവ വിശ്വാസികളിൽ പലരും ലോകാവസാന തീയതിയായോ കർത്താവിന്റെ മടങ്ങിവരവിന്റെ തീയതിയായോ പ്രവചിച്ചിരുന്നു. അതിൽ നമ്മുടെ ചുറ്റുവട്ടത്ത് തന്നെ ഏകദേശം 150 വർഷങ്ങൾക്ക് മുമ്പ് തമിഴ് ബ്രാഹ്മണൻ മതം മാറി ക്രൈസ്തവ ഉപദേഷ്ടാവായ വിദ്വാൻകുട്ടി ജോസഫ് അഞ്ചര വർഷങ്ങൾക്ക് ശേഷം കർത്താവിന്റെ മടങ്ങിവരവുണ്ടാകുമെന്ന് പ്രവചിച്ചു. ചിലർ അത് വിശ്വസിച്ചു അദ്ദേഹത്തോടൊപ്പം ചേർന്ന് കാത്തിരുന്നു. അങ്ങനെയാണ് യുയോമയ സഭ നിലവിൽ വന്നത്. പ്രവചനം നിവൃത്തിയായില്ലെങ്കിലും മല്ലപ്പള്ളി ആസ്ഥാനമായി ചുരുക്കം ചില അംഗങ്ങളുമായി ഇപ്പോഴും ഈ സഭയുണ്ട്. മറ്റൊരു തമിഴ് സ്വദേശിയായ പാസ്റ്റർ ലാറിയും കർത്താവിന്റെ മടങ്ങിവരവ് 1977ലുണ്ടാകുമെന്ന് പ്രവചിച്ചിരുന്നു. പല മലയാളികളും ഇദ്ദേഹത്തോടൊപ്പം കൂടിയിരുന്നു. 24-07-2012ന് കർത്താവ് മടങ്ങിവരുമെന്ന് വിദേശ മലയാളിയായ മാർക്ക് അലക്സാണ്ടറും പ്രവചിച്ചിരുന്നു.

വലിയ നിരാശ (Great Disappointment) എന്നറിയപ്പെടുന്ന സംഭവവും ഇത്തരം ഒരു പ്രവചനം തെറ്റിയതാണ്. മില്ലെറിറ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ബാപ്റ്റിസ്റ്റ് പുരോഹിതനായ വില്യം മില്ലർ (1782-1849) 1844 ഒക്ടോബർ 22ന് കർത്താവ് മടങ്ങിവരുമെന്ന് പ്രവചിച്ചിരുന്നുവെങ്കിലും അത് നടക്കാതിരുന്നപ്പോൾ അദ്ദേഹവും അനുയായികളും നിരാശരായിത്തീരുകയാണുണ്ടായത്. ബി.സി. 634 മുതൽ അവസാനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ നിലവിലുണ്ടായിരുന്നതായി ചരിത്ര രേഖകളിൽ നിന്ന് മനസിലാക്കാൻ സാധിക്കും. ക്രിസ്താബ്ദം

(ശേഷം മൂന്നാം പേജിൽ)

### ശാസ്ത്രം കണിയാനാകുമ്പോൾ...

ഒരാൾ എത്ര വർഷം ജീവിക്കും എന്നറിയാൻ ഉതകുന്ന രക്തപരിശോധനയുടെ അവകാശവാദവുമായി സ്പാനിഷ് ശാസ്ത്രജ്ഞർ രംഗത്തെത്തിയിരിക്കുന്നു. 435 യൂറോ അഥവാ 700 ഡോളർ ചിലവു വരുന്ന പരിശോധനയിൽ രക്തത്തിലെ ഡിഎൻഎയുടെ ടെലോമെറെ(Telomere)കളുടെ ദൈർഘ്യം എത്രയാണെന്ന് അറിയാം. ആ ദൈർഘ്യമനുസരിച്ചാണ് ആയൂർദൈർഘ്യമെന്ന് ഈ പരിശോധനയുടെ ഉപജ്ഞാതാക്കളായ ലൈഫ് ലൈൻ കമ്പനി അവകാശപ്പെടുന്നു. ആളുകളെ പേടിപ്പെടുത്തുന്ന പരിശോധനയാണിതെന്നുള്ള വിമർശനങ്ങൾക്ക് മറുപടിയായി കമ്പനി വക്താക്കൾ പറയുന്നത് ഇത് ആരോഗ്യ നിലയുടെ മാപിനിയായതിനാൽ ജീവിതശൈലി ക്രമീകരിക്കാൻ ആളുകളെ സഹായിക്കുമെന്നത്രെ. അപകട മരണം, ആത്മഹത്യ എന്നിവയുടെ സാധ്യതകൾ പരിഗണിക്കാതെയുള്ള ഘടകങ്ങളാണ് പരിശോധനയിൽ ഒരാളുടെ വെറും ആയുർദൈർ ഘ്യം നോക്കി ജൈവശാസ്ത്രമായ ആയുസ് ആണ് ഇതിൻപ്രകാരം നിർണ്ണയിക്കപ്പെടുന്നത്.

## ചിൽഡ്രൻസ് ഫെസ്റ്റ് തീം റിലീസ് ചെയ്തു

**തിരുവല്ല:** തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെക്കേഷൻ സിലബസായ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഏറ്റവും പുതിയ തീം 'പാഡി കാ പാഠം' പ്രസിദ്ധീകരിച്ചു. ദൈവവചനത്തിന് പ്രാമുഖ്യം നൽകി, കേരളത്തനിമയിൽ സാമൂഹിക പ്രതിബദ്ധതയോടെയാണ് ചിന്താവിഷയം തയ്യാറാക്കിയിരിക്കുന്നത്.

യേശു കർത്താവ് പഠിപ്പിച്ച വിതക്കുന്നവന്റെ (ലൂക്കൊസ് 8:4-8) ഉപമയിൽ നിന്നുള്ള പ്രായോഗിക ക്രിസ്തീയ പാഠങ്ങളാണ് തീമിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. വയലേലകളുടെ പശ്ചാത്തലത്തിൽ കൊയ്ത്തുപാട്ടിന്റെ ഈണത്തിൽ കുട്ടികൾക്ക് ഒരു ഉല്ലാസ യാത്രയുടെ നവ്യാനുഭവങ്ങളാണ് 'പാഡി കാ പാഠ'ത്തിലൂടെ ചിൽഡ്രൻസ് ഫെസ്റ്റ് ഒരുക്കിയിരിക്കുന്നത്.

വ്യത്യസ്തമായ പഠനരീതിയും സൂപ്പർ ഹിറ്റ് ഗാനങ്ങളും, കഥകളും, ഗെയിമുകളും, വാക്യ പഠനവും, ക്രാഫ്റ്റ് വർക്കുകളും, വർക്കു ബുക്കുകളും, മിഷനറി സ്റ്റോറികളും ഫെസ്റ്റിന്റെ ദിവസങ്ങൾക്ക് നിറം പകരും. ഏപ്രിൽ, മെയ് മാസങ്ങളിൽ കേരളത്തിലുടനീളം ആയിരത്തോളം കേന്ദ്രങ്ങളിൽ ചിൽഡ്രൻസ് ഫെസ്റ്റുകൾ നടത്താനാണ് തിമഥി ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നത്.

ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെ മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ നടക്കുന്ന മാസ്റ്റേഴ്സ് ട്രെയിനിംഗോടെ ട്രെയിനിംഗ് പ്രോഗ്രാമുകൾക്ക് തുടക്കമാകും. ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി കേരളത്തിലെ എല്ലാ ജില്ലകളിലും ട്രെയിനിംഗുകൾ നടക്കും.

ജനുവരി 31ന് മുമ്പ് പ്രോഗ്രാം ബുക്ക് ചെയ്യുന്ന എല്ലാവർക്കും 30% പ്രീ പബ്ലിക്കേഷൻ ഡിസ്ക്കൗണ്ട് ഓഫർ ഈ വർഷം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ മലബാർ മേഖലയ്ക്കായി പ്രത്യേക പാക്കേജും തിമഥി ഇൻസ്റ്റിറ്റ്യൂട്ട് ഒരുക്കിയിരിക്കുന്നു. തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവല്ല ഓഫിസിലും ഐ.പി.സി.

(ശേഷം രണ്ടാം പേജിൽ)



*വിശ്വാസിയുടെ എല്ലാ വായനക്കാർക്കും നവവത്സരാശംസകൾ*

-പത്രാധിപസമിതി

# ലോകത്തിന്റെ ഭാവപ്പകർച്ചകളിൽ പതറാതെ



കഴിഞ്ഞ വർഷം മനുഷ്യർ ലോകാവസാനത്തെക്കുറിച്ച് പരിഭ്രാന്തിയിൽ ആയിരുന്നു. മായൻ കലണ്ടർ അനുസരിച്ചുള്ള കണക്കുകൾ പ്രകാരം ലോകം കഴിഞ്ഞ 21ന് അവസാനിക്കേണ്ടതായിരുന്നു. അവസാനത്തിന്റെ ആരംഭം എന്ന് തോന്നുമാറ് ആളുകളെ സംഭീതിയിൽ ആഴ്ത്തിക്കൊണ്ട് പല സംഭവങ്ങളും അരങ്ങേറി. എന്നാൽ, കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് ലോകം ഇന്നും നിലനിൽക്കുന്നു. ശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങൾ ഭൂമിക്ക് ഇനിയും പല കോടി വർഷങ്ങൾ ആയുസുണ്ടെന്നാണ്. പക്ഷേ, ക്രിസ്തീയ വിശ്വാസികളുടെ ചിന്ത കർത്താവിന്റെ മടങ്ങിവരവ് ഏതുനിമിഷവും സംഭവിക്കാമെന്നാണല്ലോ.

ലോകാവസാനത്തെക്കുറിച്ച് പല പ്രവചനങ്ങളും ഇതിന് മുമ്പും നാം കേട്ടതാണ്. ഇതിൽ പല പ്രവചനങ്ങളും നടത്തിയത് ക്രിസ്തീയ വിശ്വാസികൾ എന്ന് അവകാശപ്പെട്ടവരാണ്. ഇതേ ലക്കത്തിൽ ഈ വിഷയത്തെക്കുറിച്ച് ഒരു ലേഖനമുള്ളതിനാൽ ഇവിടെയധികം പ്രതിപാദിക്കുന്നില്ല. എന്നാൽ, അന്ത്യകാല ലക്ഷണങ്ങൾക്ക് സമാനമായി പല സംഭവങ്ങളും നടമാടുമ്പോൾ, ദ്രുതഗതിയിലും ക്രമാനുഗതമായുമുള്ള മാറ്റങ്ങൾ ലോകത്തിന്റെ ഘടനയെ സമഗ്രമായി നവീകരിക്കുന്നു എന്ന പ്രതീതി ഉളവാക്കുമ്പോൾ വിശ്വാസികൾ എങ്ങനെ പ്രതികരിക്കണമെന്ന് ഈ പുതുവർഷത്തിന്റെ ആദ്യമാസം ചിന്തിക്കുന്നത് ഉചിതമാണെന്ന് ഇവിടെ ഓർമ്മിപ്പിക്കുകയാണ്.

ലോകമാധ്യമങ്ങൾ തന്നെ ഗൗരവത്തോട് കണ്ട വിഷയമാണ് പോയമാസം കൂട്ടബലാത്സംഗത്തിനിരയായ ഹതഭാഗ്യയുടെ കാര്യം. മാനഭംഗപ്പെടുത്തിയതോടൊപ്പം നരാധമന്മാർ ആ പെൺകുട്ടിയെ മാരകമായി മുറിപ്പെടുത്തിയതും ദിവസങ്ങളോളം ജീവിതത്തിലേക്ക് തിരികെ വരാൻ ആശുപത്രിയുടെ തീവ്രപരിചരണ വിഭാഗത്തിലെ -ഡൽഹിയിലും സിംഗപ്പൂരിലും- ചികിത്സക്കിടക്കയിൽ പൊരുതിയതിനുശേഷം മരണത്തിന് കീഴടങ്ങിയതും ഏവർക്കും അറിയാവുന്ന വസ്തുതയായതുകൊണ്ട് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇതിനോടൊപ്പം ചേർത്തു വായിക്കാവുന്ന നിരവധി വാർത്തകൾ രാജ്യത്തിന്റെ എല്ലാ ദിക്കുകളിലും നിന്നും വന്നുകൊണ്ടിരിക്കുകയാണ്. പിതാവ് മകളേയും സഹോദരൻ സഹോദരിയേയും പീഡിപ്പിച്ച സംഭവങ്ങൾ അനവധി. നിസാരവിഷയത്തെച്ചൊല്ലിയുള്ള കൊലപാതകങ്ങൾ, വൻ തട്ടിപ്പുകൾ, പ്രകൃതിവിരുദ്ധമായ സ്വവർഗാനുരാഗത്തിന്റെ തുറന്ന പ്രകടനങ്ങൾ, ഇവയെല്ലാം കണ്ട് പലരും പറയുന്നത് ലോകം അങ്ങേയറ്റം ക്രൂരമായി, ജീവിക്കാൻ പറ്റാത്തതായി തീർന്നരിക്കുന്നു എന്നാണ്. ആധുനിക വാർത്താവിനിമയ ഉപകരണങ്ങളുടെ അനായാസ ലഭ്യത ധാർമിക അധ:പതനത്തിന്റെ ആക്കം കൂട്ടിയെന്നും നല്ലൊരു ശതമാനം ആളുകളും ചിന്തിക്കുന്നു. ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ സാധാരണ പെൺകുട്ടികളേയും, സകലപ്രായത്തിലുമുള്ള വീട്ടമ്മമാരേയും സ്വാധീനിച്ചു വഴിതെറ്റിക്കുന്നതായി വാർത്തകൾ പെരുകുമ്പോൾ ആരും അങ്ങനെ ചിന്തിച്ചുപോകാനേ തരമുള്ളു.

എങ്കിലും, പ്രിയവായനക്കാരേ, നാമൊന്നു ചിന്തിച്ചാൽ മനുഷ്യചരിത്രത്തിന്റെ തുടക്കം മുതൽ ഈ ലോകം ഇങ്ങനെ അല്ലായിരുന്നുവോ? സാത്താന്യ പ്രേരണയാലുള്ള ആദാമ്യ പാപം നിമിത്തം ലോകത്തിന്റെ സ്ഥായിയായ ഭാവം തന്നെ വിദ്വേഷത്തിന്റേതല്ലേ? വിദ്വേഷത്തിൽ നിന്നും ഉടലെടുക്കുന്ന അക്രമം, ഹിംസ, ചതി, കളവ് എന്നിങ്ങനെയുള്ള നീചത്വങ്ങൾ വേദപുസ്തക ചരിത്രത്തിൽ നാം പലയിടങ്ങളിലും കാണുന്നതിനാൽ ലോകത്തിന്റെ അടിസ്ഥാന ഭാവം പണ്ടുമുതലേ ഇങ്ങനെ തന്നെയായിരുന്നുവെന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്നു. ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ലോകത്തിന്റെ ആന്തരിക ഘടനയിൽ വ്യതിയാനങ്ങൾ നടക്കുന്നതുകൊണ്ടല്ല സംഭവിക്കുന്നത്. ഇവ ബാഹ്യഘടനയുമായി ബന്ധപ്പെടുത്താവുന്നത് മാത്രം. മനുഷ്യസ്വഭാവം സംബന്ധിച്ചുള്ള എല്ലാ മാറ്റങ്ങളും ഈ ലോകത്തിന്റെ ഭാവത്തിലെ ഉപരിവിപ്ലവമായ മാറ്റങ്ങൾ മാത്രമാണ്. സ്ഥിരമായ ഭാവം പണ്ട് മുതൽക്കേ ദുഷ്ടത നിറഞ്ഞതാണ് എന്ന് സാരം.

ഉല്പത്തി പുസ്തകത്തിൽ തന്നെ നാം സ്വവർഗരതിയെക്കുറിച്ച് വായിക്കുന്നു. സോദോം ഗൊമെറയിലെ പാപത്തിന്റെ പെരുക്കം നിമിത്തം ആ പട്ടണങ്ങളെ ദൈവം നശിപ്പിക്കുകയായിരുന്നുവല്ലോ. അതിനു മുമ്പ് ഇതേ കാരണത്താൽ, നോഹയുടെ കാലത്ത് ദൈവം മനുഷ്യരെയും മറ്റ് ജീവജാലങ്ങളേയും പ്രളയത്താൽ നശിപ്പിക്കുന്നുണ്ട്. ന്യായാധിപന്മാരുടെ പുസ്തകം വായിക്കുമ്പോൾ എഫ്രയീം മലനാട്ടിൽ ഉൾപ്രദേശത്ത് വന്നുപാർത്തിരുന്ന ഒരു ലേവ്യൻ വ്യഭിചാരം ചെയ്ത് അവനെ വിട്ടുപോയ വെപ്പാട്ടിയെ തിരികെ കൊണ്ടുവരുവാൻ ബേത്‌ലേഹെമിലിക്ക് പോയി മടങ്ങുന്നതിന്റെ വിവരണം 19-ാം അദ്ധ്യായത്തിൽ കാണുന്നു. അതുപോലെ തന്നെ, യോസേഫിന്റെ ജീവിതകഥയിൽ സ്ത്രീയുടെ കാമാഭിനിവേശമാണ് പ്രകടമാകുന്നത്. യിസ്രായേൽ മക്കൾ ഇല്ലാത്ത അന്യനഗരം ഒഴിവാക്കി ഗിബയിൽ ഒരു വീട്ടിൽ രാപാർത്തപ്പോൾ ചില നീചന്മാർ ലേവ്യനെ ഭോഗിക്കാൻ അവനെ വിട്ടുതരണമെന്ന് പറഞ്ഞു ശല്യം ചെയ്തനേരം അവൻ വെപ്പാട്ടിയെ അവരുടെ അടുക്കലേക്കയച്ചു. ഇന്നത്തെ കൂട്ടബലാത്സംഗത്തിനെപ്പോലും ലജ്ജിപ്പിക്കുന്ന ക്രൂരമായ കാമാന്ധപ്രവൃത്തിയുടെ ഒടുവിൽ ആ സ്ത്രീ മരിക്കുന്നതായി നാം അവിടെ കാണുന്നു.

വേദപുസ്തകത്തിലുടനീളം മനുഷ്യന്റെ ഹീനപ്രവൃത്തികളെക്കുറിച്ചുള്ള പ്രതിപാദ്യങ്ങൾ ഉണ്ട്. യേശുക്രിസ്തുവിന്റെ കാലത്തും ലോകം ധാർമ്മികമായി അധ:പതിച്ചിരുന്നു. മൂല്യച്യുതിയുടെ അനന്തര ഫലങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ യോഹന്നാൻ പ്രവാചകനും യേശുവും നൽകുന്നുണ്ട്. പൌലൊസ്, പത്രൊസ് തുടങ്ങിയ അപ്പൊസ്തലന്മാരും ഇത്തരം ശാസനകൾ നൽകുന്നതായി നാം ലേഖനത്തിൽ വായിക്കുന്നു. ഈ ലോകത്തിന്റെ അടിസ്ഥാന സ്വഭാവം ദുഷ്ടമായതിനാലാണ് ലോകത്തിൽ ദൈവമക്കൾ വേർപെട്ട ജീവിതം നയിക്കണമെന്നുള്ള ഉപദേശങ്ങൾ വേദപുസ്തകത്തിൽ പലയിടങ്ങളിലും കാണുന്നത്. യിസ്രായേൽ മക്കളുടെ കാലം തൊട്ടേ, അതിനു മുമ്പും വേർപാട് എന്ന ഒരു ജീവിതരീതിയെക്കുറിച്ച് പ്രതിപാദിച്ചുവരുന്നു.

ശാസ്ത്രത്തിന്റെ പുരോഗതിയനുസരിച്ച് പുതിയ കണ്ടുപിടിത്തങ്ങൾ നിലവിൽ വന്നു. ഗതാഗത സംവിധാനങ്ങൾ, വാർത്താവിനിമയ സമ്പ്രദായങ്ങൾ തുടങ്ങിയവ കാലാനുസൃതമായി പരിഷ്ക്കരിക്കപ്പെട്ടു. നവീന സംവിധാനങ്ങളും ഉപകരണങ്ങളും സർവ്വസാധാരണമായി. യാത്രയും ആശയവിനിമയവുമെല്ലാം ഇന്ന് മനുഷ്യന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിച്ച് ജീവിതം അനായസമാക്കുന്നു. എല്ലാ കാര്യങ്ങൾക്കും രണ്ടുവശമുള്ളതുപോലെ ആധുനിക സംവിധാനങ്ങളും ഉപകരണങ്ങളും ചിലർ നല്ല ഉദ്ദ്യേശങ്ങൾക്കായി ഉപയോഗിക്കുമ്പോൾ മറ്റു ചിലർ തെറ്റായ ഉദ്ദ്യേശങ്ങൾക്കായി ഉപകരിക്കുന്നു. പ്രണയം, കാമം മുതലായ തൃഷ്ണകളെ തൃപ്തിപ്പെടുത്താൻ മനുഷ്യർ എന്നും നിലവിലുള്ള സംവിധാനങ്ങളെ ആശ്രയമാക്കിയിരുന്നു; ഇന്ന് ആധുനിക സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുന്നു.

പറഞ്ഞു വന്നതിന്റെ രത്നച്ചുരുക്കം ലോകം പല വേഷങ്ങളും ഭാവങ്ങളും എടുത്ത് ധരിക്കും. കാലം മാറുന്നതനുസരിച്ച് ലോകത്തിന്റെ പുറമേയുള്ള കോലം മാറിക്കൊണ്ടിരിക്കും. എന്നാൽ, ലോകത്തിന്റെ അകമേയുള്ള സ്വഭാവം ദുഷ്ടമായ, നീചമായ ഒന്നാണ്. ഇതിന്, നേർവിപരിതമായി ദൈവമക്കൾ ദിവ്യസ്വഭാവത്തെ വെളിപ്പെടുത്തുന്നവർ ആയിരിക്കേണം ആധുനിക സംവിധാനങ്ങളേയും ഉപകരണങ്ങളേയും ബഹിഷ്ക്കരിക്കണമെന്നല്ല ധ്വനിപ്പിക്കുന്നത്; പ്രത്യുത, അവ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കണം. സ്വന്തം മോഹങ്ങളുടെ നിവൃത്തിക്ക് ഉപരി ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി വേണം ഇവ ഉപയോഗിക്കേണ്ടത്. നിങ്ങൾക്ക് കൈമാറാനുള്ള നവവത്സരസന്ദേശമിതാണ്, ലോകത്തിന്റെ ഭാവ പകർച്ചകളിൽ പതറാതെ ക്രിസ്തുവേശുവിലുള്ള ഭാവം തന്നെ നിങ്ങളിൽ നില നിർത്തുക. ക്രൂരമായ ഒരു ലോകത്തിൽ സൗമ്യസ്വഭാവം ഉള്ളവരായി നമുക്ക് ജീവിക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## പാസ്റ്റർ എം. സാമുവൽകുട്ടി താമസം മാറി

ഇരുപത്തിരണ്ട് വർഷം താമസിച്ച 87, ടെനമെന്റ്-II, ആർ.ബി.റ്റി.ബി. ഹോസ്പിറ്റൽ കിംഗ്സ്‌വേ ക്യാമ്പിൽ നിന്നും ദക്ഷിണ ഡൽഹിയിലെ മെഹ്റോളിയിലേക്ക് പാസ്റ്റർ എം. സാമുവൽകുട്ടി താമസം മാറ്റി. പുതിയ മേൽവിലാസം: Pastor M. Samuelkutty Faith Villa, 96/E, 2nd Floor, Ward No: 2, Mehrauli, New Delhi-110030

## ചിൽഡ്രൻസ് ഫെസ്റ്റ് തീം റിലീസ് ചെയ്തു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

കുമ്പനാട് കൺവൻഷൻ, തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന തിമഥിയുടെ സ്റ്റാളുകളിലും ബുക്കിംഗിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ട്രെയിനിംഗുകളിൽ പങ്കെടുക്കുന്നതിനും പ്രോഗ്രാം ബുക്കിംഗിനും ഇന്നു തന്നെ വിളിക്കുക: 9656217909, 9745647909.

## മാധ്യമവും സുവിശേഷീകരണവും

(നാലാം പേജിൽ നിന്ന് തുടർച്ച)

രേഖപ്പെടുത്തുന്ന ഒരു സോഷ്യൽ നെറ്റ്‌വർക്കാണ് Twitter. ഇന്ത്യയിലെ പ്രശസ്ത സിനിമ താരങ്ങളും കായിക താരങ്ങളുമെല്ലാം Twitter-ൽ നിറസാന്നിധ്യങ്ങളാണ്.

UN സെക്രട്ടറി ജനറൽ ആയി മത്സരിച്ച പരിവേഷവുമായി തിരുവനന്തപുരത്തുനിന്ന് എം.പി. ആയി ജയിച്ച് കേന്ദ്രവിദേശകാര്യ സഹമന്ത്രിയായിരുന്ന ശശി തരൂർ വിമാനയാത്രയിലെ ഇക്കണോമിക്ക് ക്ലാസിനെ Cattle Class എന്ന് വിശേഷിപ്പിച്ച് ട്വിറ്റ് ചെയ്ത് മന്ത്രിസഭയിൽ നിന്നും ഔട്ട് ആയത് എല്ലാവർക്കും ഓർമ്മ കാണുമല്ലോ.

ഗൂഗിൾ വലിയ സംഭവമായി അവതരിപ്പിച്ച സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റാണ് Google Plus. ആനയാകും, കുതിരയാകും ഫെയ്സ്ബുക്കിനെ മറികടക്കും എന്നൊക്കെപ്പറഞ്ഞായിരുന്നു വരവ്. പക്ഷേ, ആൾക്കാരുടെ ഇതുവരെയുള്ള താല്പര്യമില്ലായ്മ കാണുമ്പോൾ ഇത് Google Minus ആണോ എന്ന് അറിയാതെ ചോദിച്ചുപോകും.

യാഹുമെയിൽ, ജീമെയിൽ തുടങ്ങിയ അനേകം E-mail-കൾ നിലവിലുണ്ടെങ്കിലും ഇതിൽ ഹോട്ട് മെയിൽ ഒരു ഇന്ത്യക്കാരന്റെ ആവിഷ്ക്കാരമായിരുന്നു. അത് പിന്നീട് മൈക്രോ സോഫ്റ്റ് ഏറ്റെടുത്തു. ഇപ്പോൾ നിലവിലുള്ള മെയിലുകളിൽ ഏറ്റവും കൂടുതൽ ഉപഭോക്താക്കൾ ഉള്ളത് ഹോട്ട് മെയിലിനാണ്. ഈ ഹോട്ട് മെയിലിനെ ഇല്ലാതാക്കിയാണ് outlook.com എന്ന E-mail സർവ്വീസ് മൈക്രോ സോഫ്റ്റ് തുടങ്ങുന്നത്. ഇതിന്റെ ഡിസൈൻ, യൂസർ ഇന്റർഫേസ് തുടങ്ങിയ മറ്റ് എല്ലാ ഗുണങ്ങളും ഹോട്ട് മെയിലിനെക്കാൾ ആകർഷണീയവും മികച്ചതുമാണ്.

**നിഗമനം**

ആശയവിനിമയത്തിൽ ആദിമ ക്രൈസ്തവ സഭ ഒരു മാതൃകയായിരുന്നു. അവരുടെ മാധ്യമസംസ്കാരം 21-ാം നൂറ്റാണ്ടിൽ എത്തിയ ആധുനിക സഭയെയും സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ നൂറ്റാണ്ടുകളിൽ ലോക വ്യാപകമായി ഭാഷയുടെയും സാഹിത്യത്തിന്റെയും രംഗത്ത് കൈവരിച്ച നേട്ടങ്ങൾക്ക് ക്രൈസ്തവരുടെ ഈ മാധ്യമ സംസ്കാരം വഴിയായിത്തീർന്നു എന്നത് ഒരു ചരിത്ര സത്യമാണ്. ലോകം കേൾക്കേണ്ട സദ്വാർത്ത കേട്ടേ മതിയാകു. കേൾപ്പിക്കുവാൻ ബാധ്യതയുള്ളവർ അലസരായാലും ആ സദ്വാർത്ത ലോകത്തെ അറിയിച്ചേ മതിയാകു. ഉപഗ്രഹവു, കമ്പ്യൂട്ടറും, ഇലക്ട്രോണിക്സും മറ്റ് ആധുനിക മാധ്യമങ്ങളും ഈ വാർത്ത ലോകത്തെ അറിയിക്കുവാൻ സൃഷ്ടാവായ ദൈവത്തോട് സഹകരിക്കുന്നു.

കൂടുതലാളുകളേയും സ്വാധീനിക്കുന്ന മാധ്യമങ്ങൾ ഇരുളിന്റെ അധികാരത്തിൻ കീഴിലായാൽ ലോകമാകെ, ഇരുളിന്റെ, അധർമ്മത്തിന്റെ കേബിളുകളിൽ കുടുങ്ങാൻ സാദ്ധ്യതയുണ്ട്. ഈ അപകടം കൂടി ക്രിസ്തുവിന്റെ സമൂഹം തിരിച്ചറിയണം.

ഇന്റർനെറ്റ് തുടങ്ങിയ ആധുനിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. സൈബർ ലോയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ച് ശിക്ഷ ഏറ്റുവാങ്ങരുത്. (വൈരുദ്ധ്യം- കേരളത്തിലെ ആദ്യത്തെ സൈബർ ക്രൈമിൽ അറസ്റ്റിലായത് ഒരു പാസ്റ്ററുടെ മകനായിരുന്നു).

മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് അവ സംബന്ധിച്ചുള്ള ശാസ്ത്രീയവും സാങ്കേതികവുമായ അറിവും പരിശീലനവും മാത്രം പോരാ; ആത്മാക്കളെക്കുറിച്ച് ക്രിസ്തുവിനുണ്ടായിരുന്ന അതേ ഭാരവും ക്രിസ്തുവിന്റെ കാൽവറി ദർശനവും ഉണ്ടായിരിക്കേണം. ഇവ കൈമുതലായുള്ള സമർപ്പിതരായ ദർശനമുള്ള വ്യക്തികളുടെ കൈകളിൽ മാധ്യമങ്ങൾ ക്രിസ്തുവിനുവേണ്ടി ഏറെ ഫലം പുറപ്പെടുവിക്കുന്നവയായി മാറും.

അതിവേഗം, അധികമാളുകളേയും സ്വാധീനിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങളെ സുവിശേഷത്തിന്റെ മുന്നേറ്റത്തിന് ഉപയോഗിക്കുവാൻ ദർശനവും പ്രാർത്ഥനയും പണവും ആവശ്യമാണ്. ഇവയെല്ലാമുള്ള പെന്തക്കൊസ്തുകാർ ധാരാളമുണ്ട്. ഇനി കാൽവയ്പ്പുകൾ നടത്തുകയേ വേണ്ടു.

*(അവസാനിച്ചു...)*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും ദ്രവ്യാഗ്രഹവും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

അപ്പൊസ്തലനായ പൌലൊസ് സഹഭൃത്യനായ തിമൊഥെയൊസിന് എഴുതിയ പ്രഥമ ലേഖനത്തിൽ എഫെസൊസ് സഭയുടെ ശുശ്രൂഷകനും വിശ്വാസത്തിൽ നിജപുത്രനുമായ തിമൊഥെയൊസ് ഒരു ദൈവമനുഷ്യനായിരിക്കണമെന്ന ആഗ്രഹം പങ്കുവയ്ക്കുകയാണ്.

പൌലൊസും തിമൊഥെയൊസുമായുള്ള ബന്ധം ആഴമേറിയതും ദൈവസ്നേഹത്താലും പരസ്പര ബഹുമാനത്താലും സുദൃഢമായിരുന്നു. മറ്റുള്ളവരാൽ നല്ല സാക്ഷ്യം പ്രാപിച്ച തിമൊഥെയൊസിൽ ശക്തനായ സുവിശേഷകനെ പൌലൊസ് കണ്ടു. തന്റെ സുവിശേഷ പ്രചാരണ യാത്രകളിൽ ഒരു സഹായിയായി കൂടെ കൂട്ടി. നിർവ്യാജ വിശ്വാസത്തിന്റെ ഉടമയായ തിമൊഥെയൊസ് പൌലൊസിനെ പിതൃതുല്യം ആദരിച്ചിരുന്നു.

കർത്തൃവേല നിമിത്തം എഫെസൊസിൽ ആയിരുന്ന തിമൊഥെയൊസിന് അവിടുത്തെ ചുറ്റുപാടുകൾ അനുകൂലമായിരുന്നില്ല. ശാരീരിക മാനസിക പ്രതിസന്ധികളിലൂടെ കടന്നുപോയ തിമൊഥെയൊസ് നി ഒരുവേള എഫെസൊസിൽ നിന്നും മടങ്ങിപോകുവാൻ ആഗ്രഹിച്ചു. ഇതറിഞ്ഞ പൌലൊസ് ദൈവവചനത്തിലൂടെയും സ്വന്തം അനുഭവങ്ങളിലൂടെയും അവിടെ ഉറപ്പിച്ചു നിർത്താൻ ശ്രമിക്കുകയാണ്. അനുകൂലമല്ലാത്ത ചുറ്റുപാടുകളെ പഴിചാരി അനാത്മികനാകാതെ അന്ത്യം വരെ ഒരു ദൈവമനുഷ്യനായി തിമൊഥെയൊസ് നിലനിൽക്കണമെന്ന് പൌലൊസ് വാഞ്ഛിച്ചു. അതിനുതകുന്ന ശക്തമായ താക്കീതും പ്രബോധനങ്ങളും ലേഖനദ്വാരാ നൽകുകയാണ്. തന്നെ വിശ്വസ്തനെന്നെണ്ണി ശുശ്രൂഷയ്ക്ക് ആക്കിവെച്ച ഒരു ദൈവം ഉണ്ടെന്നും ആവശ്യമായ ശക്തി പകർന്ന് ആ ദൈവം എന്നെ നടത്തുന്നു എന്നുള്ള പൌലൊസിന്റെ അനുഭവം തിമൊഥെയൊസിന്റെ ഉള്ളിൽ ബലം നൽകാൻ പര്യാപ്തമായിരുന്നു.

അന്യഥാ ഉപദേശിക്കുന്നവരും (1:3), തർക്കങ്ങൾക്ക് മാത്രം ഉതകുന്ന വ്യർഥ വസ്തുതകളെ ശ്രദ്ധിച്ചുപോകുന്നവരും (1:3), ധർമ്മോപദേഷ്ടാക്കന്മാരായിരിപ്പാൻ (1:19), പുരുഷനെ ഉപദേശിക്കാനും പുരുഷന്റെമേൽ അധികാരം നടത്താനും ആഗ്രഹിക്കുന്ന സ്ത്രീകൾ (2:12), അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നവരും (3:1), പ്രശ്നം സൃഷ്ടിക്കുന്ന വിധവമാരും (5:1-10), സാത്താന്റെ പിന്നാലെ പോയവരും (5:15), തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ച് ചീർത്തിരിക്കുന്നവരും (6:21), ഒക്കെയുള്ള ഒരു സഭയുടെ ശുശ്രൂഷകനാണ് തിമൊഥെയൊസ്. ഈ ചുറ്റുപാടിൽ ഒരു ദൈവമനുഷ്യനായി നിൽക്കുക എന്നത് അത്ര നിസ്സാരമല്ലെങ്കിലും അതൊരു വെല്ലുവിളിയായി ഏറ്റെടുക്കുവാൻ തിമൊഥെയൊസിനെ പൌലൊസ് പ്രബോധിപ്പിക്കുന്നു.

ദൈവസഭയെ തകർക്കുന്ന ഈ അനാത്മിക പ്രവണതകളോട് ഇഴുകിച്ചേർന്ന് പോകാനല്ല ശക്തമായ താക്കീതുകളിലൂടെ പോരാടുവാനും നല്ല യുദ്ധസേവ ചെയ്യുവാനുമുള്ള ആഹ്വാനമാണ് പൌലൊസ് ഈ ലേഖനത്തിലൂടെ തിമൊഥെയോസിന് നൽകുന്നത്. ആജ്ഞാപിക്കുക (4:11), ഉപദേശിക്കുക (6:2), മാതൃകയായിരിക്കുക (4:12), സൂക്ഷിച്ചുകൊൾക (4:16), ഉറച്ചു നിൽക്ക (4:16), പ്രബോധിപ്പിക്കുക (6:2), ശാസിക്ക (5:20), കാത്തുകൊൾക

> *ദൈവസഭയെ തകർക്കുന്ന ഈ അനാത്മിക പ്രവണതകളോട് ഇഴുകിച്ചേർന്ന് പോകാനല്ല ശക്തമായ താക്കീതുകളിലൂടെ പോരാടുവാനും നല്ല യുദ്ധസേവ ചെയ്യുവാനുമുള്ള ആഹ്വാനമാണ് പൌലൊസ് ഈ ലേഖനത്തിലൂടെ തിമൊഥെയോസിന് നൽകുന്നത്*

(5:22), വിട്ടോടുക (6:11), പൊരുതുക (6:12), ഒഴിഞ്ഞുനിൽക്ക (6:20), ഈ പ്രയോഗങ്ങളെല്ലാം പടയ്ക്കുള്ള ആഹ്വാനമാണ്, അനീതിക്കെതിരായുള്ള യുദ്ധം. തിമൊഥെയൊസ് ഒരു ദൈവപുരുഷനായെങ്കിൽ മാത്രമേ അതിനു സാധിക്കൂ. ദൈവത്തിന്റെ മനുഷ്യനു മാത്രമേ ദൈവസഭയെ വചനത്തിന്റെ വഴിയിലൂടെ നയിക്കുവാൻ ധൈര്യമുണ്ടാകൂ.

**ദ്രവ്യാഗ്രഹം വിട്ടോടുക:**

ദൈവത്തിന്റെ മനുഷ്യൻ ദ്രവ്യാഗ്രഹം വിട്ടോടണം. തിമൊഥെയൊസിൽ ദ്രവ്യാഗ്രഹം കയറിയാൽ ചങ്ങലയ്ക്കു ഭ്രാന്തുപിടിച്ചതുപോലെയാകും. ദ്രവ്യാഗ്രഹം വിട്ടോടി ഒരു ദൈവമനുഷ്യനായി തിമൊഥെയൊസ് നിൽക്കാമെങ്കിൽ ദൈവസഭ മുടിഞ്ഞുപോകാതിരിക്കും. ഉന്നത സ്ഥാനം മോഹിക്കുന്നവരും സ്വാർത്ഥ താൽപര്യങ്ങൾ ഉള്ളവരും പ്രത്യേക പരിഗണന ആഗ്രഹിക്കുന്നവരും ഒക്കെ ഇവിടെ ഉണ്ടെന്നു മാത്രമല്ല; അതിനുവേണ്ടി ഏത് വളഞ്ഞ വഴിയും ഉപയോഗിക്കുവാൻ മടിക്കുകയില്ല. നിശ്ചയമില്ലാത്ത ധനവും സ്വാധീനവുമുള്ള ധനവാന്മാർ ഇവിടെ ഉണ്ട്. ഈ പണം ഉപയോഗിച്ച് സ്വന്തം താൽപര്യങ്ങൾ സാധിക്കുവാനും അത് സംരക്ഷിക്കുവാനും അവർ ശ്രമിക്കാതിരിക്കുകയില്ല. ഇങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ നടത്തിപ്പുകാരനായ തിമൊഥെയൊസിന് ദ്രവ്യാഗ്രഹം ഉണ്ടെന്നുകൂടി ബോധ്യമായാൽ കാശുള്ളവന് കാര്യം എളുപ്പമായി. കാശുള്ളവന്റെ കളികളും നടക്കും; കാശില്ലാത്ത തിമൊഥെയൊസിന് ഇഷ്ടം പോലെ കാശും കിട്ടും. കാശു തരുന്നവൻ പറയുന്നതുപോലെ പ്രസംഗിക്കുകയും തീരുമാനം എടുക്കുകയും ചിലരെ രക്ഷിക്കുകയും ചിലരെ ശിക്ഷിക്കുകയും ഒക്കെ ചെയ്യേണ്ടിവരും എന്നൊരു കുഴപ്പം മാത്രം. ദൈവാത്മാവിനാൽ നടത്തപ്പെട്ടവൻ ധനവാന്മാരാൽ നടത്തപ്പെടുന്നവനായി അധഃപതിക്കും. ധനത്തിന്റെ ഒഴുക്കും ആഡംബരത്തിന്റെ ലഹരിയും തലയ്ക്കു പിടിച്ചിരിക്കുന്നതിനാൽ സഭയുടെ തകർച്ചയും വിശ്വാസികളുടെ ഞരക്കവും ശ്രദ്ധിക്കാതിരിക്കാനും സാധിക്കും.

ഇങ്ങനെയൊരു അധഃപതനം പൌലൊസിന് സഹിക്കുമോ? ഒരു ഭ്രാന്തനെപ്പോലെ ഓടി നടന്ന് സുവിശേഷം പ്രസംഗിക്കുകയും വചനം പഠിപ്പിക്കുകയും ചെയ്ത പൌലൊസിന് സഭകളെക്കുറിച്ച് ഭാരം ഉണ്ട്. അതുകൊണ്ട് എഫെസൊസ് സഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഇങ്ങനെപോയാൽ ഉണ്ടാകുവാൻ പോകുന്നതുമായ അധഃപതനത്തെ തടഞ്ഞു നിർത്തണമെങ്കിൽ തിമൊഥെയൊസ് ദൈവത്തിന്റെ ശുശ്രൂഷകനായി അവിടെ തുടരണം. അവനിൽ ദ്രവ്യാഗ്രഹത്തിന്റെ കണികപോലും ഉണ്ടാകുവാൻ പാടില്ല. കാരണം ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങളുടെയും വേരാണ്. ദൈവഭക്തിയെ ഒരു ആദായമാർഗ്ഗമായി കരുതിയാൽ പ്രലോഭനത്തിലും കണിയിലും കുടുങ്ങുവാനും വിശ്വാസത്തിൽ നിന്നു വഴിതെറ്റിപ്പോകുവാനും സാധ്യതയുണ്ട്. അതുകൊണ്ട് തിമൊഥെയൊസെ, നീ ദ്രവ്യാഗ്രഹത്തെ വിട്ടോടി ദൈവത്തിന്റെ മനുഷ്യനായി നിൽക്കണം. ●

## ദൈവമക്കൾ നന്മ അനുകരിക്കണം:

*പാസ്റ്റർ എബി ജോർജ്ജ്*

**അടൂർ:** ദൈവമക്കൾ നന്മയെ അനുകരിക്കണമെന്നും, ദൈവികമായ നന്മയെ മാത്രം പിന്തുടരണമെന്നും പാസ്റ്റർ എബി ജോർജ്ജ് പ്രസ്താവിച്ചു. 2012 ഡിസംബർ 8 ശനിയാഴ്ച, ഐവർകാല സഭയിൽ വച്ച് നടന്ന ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ മാസയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. അനുകരിക്കുന്നത് സ്വഭാവികമായ കാര്യമാണ്, അനുകരിക്കുന്നത് പാപമല്ല. എന്നാൽ, പാപത്തിന്റെ പ്രവേശനം തിന്മയെ അനുകരിക്കുവാൻ പ്രേരണ നൽകുന്നു. ദൈവമക്കൾ നന്മയെ അനുകരിക്കണം. ദൈവസഭയിൽ വിഘടനം വരുത്തുന്നത് തിന്മയാണ്. നന്മ അനുകരിക്കുന്നവനെ നന്മ പിന്തുടർന്നുകൊണ്ടേയിരിക്കും. യോഹന്നാന്റെ മൂന്നാം ലേഖനം രണ്ടാം വാക്യം ആധാരമാക്കി പാസ്റ്റർ എബി ജോർജ്ജ് പ്രസ്താവിച്ചു. യോഗത്തിൽ പാസ്റ്റർ സുമേഷ് പി. ലാസർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ബോബി പി. ജോൺ സങ്കീർത്തന പ്രബോധനം നിർവ്വഹിച്ചു. സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാലും ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. അതിലൊന്നാണ് സമാധാനം. ദൈവഭക്തൻ സമാധാനത്തോടെ വസിക്കും എന്ന് നാലാം സങ്കീർത്തനം ആസ്പദമാക്കി പാസ്റ്റർ ബോബി വ്യക്തമാക്കി. പാസ്റ്റർ ഡി. ജോൺ കർത്തൃമേശാ ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ബിജു ബഞ്ചമിന്റെ പ്രാർത്ഥനയോടെ മാസയോഗം അവസാനിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജിനിലെ സഭാശുശ്രൂഷകന്മാരും ദൈവജനവും മാസയോഗത്തിൽ പങ്കെടുത്തു. ●

## തെറ്റിപ്പോയ പ്രവചനങ്ങൾ

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

66-70-ലെ റോമൻ സാമ്രാജ്യത്തിനെതിരെ യെഹൂദന്മാരുടെ കലാപം ലോകാവസാനമായിരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എസിൻ പ്രസ്ഥാനക്കാരായ യെഹൂദർ എ.ഡി. ആയിരമാണ്ട് ലോകം അവസാനിക്കുമെന്ന് പോപ്പ് സിൽവസ്റ്റർ രണ്ടാമൻ പ്രവചിച്ചിരുന്നു. മറ്റൊരു പോപ്പ് ഇന്നസെന്റ് മൂന്നാമൻ ഇസ്ലാം മതത്തിന്റെ പിറവിക്കുശേഷം 666 ആണ്ടുകൾ കഴിയുമ്പോൾ ലോകം അവസാനിക്കുമെന്ന് പ്രവചിച്ചത് 1284ൽ. മെഥഡിസ്റ്റ് സഭാ സ്ഥാപകൻ ജോൺ വെസ്ലി 1836ൽ ലോകം അവസാനിക്കുമെന്ന് പ്രസംഗിച്ചതായി കാണുന്നു. വേൾഡ് വൈഡ് ചർച്ച് ഓഫ് ഗോഡ് സ്ഥാപകനായ ഹെർബർട്ട് ഡബ്ല്യു ആംസ്ട്രോങ്ങ് 1936, 1943, 1972, 1975 എന്നീ വർഷങ്ങൾ കർത്താവിന്റെ മടങ്ങിവരവിന്റെ വർഷമായി ഒന്നിനുപുറമേ ഒന്നായി മാറി മാറി പ്രവചിച്ചു. യഹോവസാക്ഷികളും പല വർഷങ്ങൾ ഇങ്ങനെ പ്രവചിച്ചിട്ടുണ്ട്. പല മാധ്യമങ്ങളും ഗൗരവത്തോടെ കണ്ട പ്രവചനമാണ് ഫ്രഞ്ച് ദാർശികനായ നൊസ്ത്രാദമസി(1503-1566)ന്റേത്. 1999 ജൂലൈയിൽ ലോകം അവസാനിക്കുമെന്നായിരുന്നു ഇദ്ദേഹത്തിന്റെ പ്രവചനം. ശബത്തുകാരുടെ ചില ലഘുലേഖകളിലും 1999 ലോകാവസാനമായി പ്രവചിച്ചിരുന്നു. 2013, 2020, 2021, 2129, 2240, 2280 എന്നിവയാണ് ലോകാവസാനത്തിന്റേയും കർത്താവിന്റെ മടങ്ങിവരവിന്റേയും പ്രവചിക്കപ്പെട്ട വർഷങ്ങൾ. എന്നാൽ, 500,000,000; 5,000,000,000; 22,000,000,000,$10^{100}$ എന്നിവയാണ് ലോകവസാനമായി ശാസ്ത്രജ്ഞർ പറയുന്ന വർഷങ്ങൾ. ●

## MATRIMONIAL

ഡൽഹിയിൽ ജോലി ചെയ്യുന്ന പെന്തക്കൊസ്ത് ചേരമർ യുവാവ്. 30 വയസ് 170 സെ.മീ. ഫയർ ആൻഡ് സേഫ്റ്റി ഡിപ്ലോമ. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 09656550757.

പരിഷ്കരിച്ച മൂന്നാം പതിപ്പ്!

# വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ഭാഷകളി
1000ത്തിലധികം ഗാനങ്ങളുമായി

കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

**വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത്** (ഇംഗ്ലീഷ്) എന്നീ പുസ്തകങ്ങളും ലഭ്യമാണ്.

കോപ്പികൾക്ക്:-
Pastor M. Samuelkutty, 87, Tenement-II,
Faith Villa, 96/E, 2nd Floor, Ward No: 2, Mehrauli, New Delhi-110030

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച....)*

# മാധ്യമവും സുവിശേഷീകരണവും

*2012 ആഗസ്റ്റ് 15ന് ഫെയ്ത്ത് ഫെലോഷിപ് സഭയുടെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റി(എഫ്.സി.വൈ.എം)ന്റെ നേതൃത്വത്തിൽ നടന്ന ഏകദിന സെമിനാറിൽ "മാധ്യമവും സുവിശേഷീകരണവും" എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ ബിനോയി പി. ജോൺ അവതരിപ്പിച്ച പ്രബന്ധം*



**പാസ്റ്റർ ബിനോയി പി. ജോൺ**
**കാൽക്കാജി, ഡൽഹി**

അതുപോലെതന്നെ സോഷ്യൽ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോമുകൾ ഇന്ന് നിരവധിയാണ്. സോഷ്യൽ മീഡിയ എന്ന പേരിലും ഇവ അറിയപ്പെടുന്നു. 1979-ൽ ആണ് ഇതിന്റെ പ്രാകൃതരൂപമായ Usernet (യൂസർനെറ്റ്) സംവിധാനങ്ങൾ നിലവിൽ വന്നത്. അതുപോലെ 70-കളിൽ തന്നെ ബുള്ളറ്റിൻ ബോർഡ് സിസ്റ്റംസ് നിലവിൽ വന്നു കഴിഞ്ഞിരുന്നു. IRC (Internet Relay Chat), ICQ (Internet Chat Query), IM (Instant Messaging) എന്നിവ എൺപതുകളുടെ ഒടുക്കത്തിലും തൊണ്ണൂറുകളുടെ മധ്യത്തിലും നിലവിൽ വന്നു.

ആദ്യ സോഷ്യൽ നെറ്റ്‌വർക്കുകളിൽ പ്രഥമം ഡേറ്റിംഗ് സൈറ്റുകളാണ്. പിന്നീട് ഓൺലൈൻ ഫോറമുകളും നിലവിൽ വന്നു. എന്നാൽ, ആദ്യത്തെ ആധുനിക സോഷ്യൽ നെറ്റ്‌വർക്ക് എന്നുള്ള കീർത്തി 1997-ൽ രൂപീകൃതമായ Six Digrees-ന് അവകാശപ്പെട്ടതാണ്. ഇതിൽ ഉപഭോക്താവിന് ഒരു പ്രൊഫൈൽ സൃഷ്ടിക്കുവാനും മറ്റ് ഉപഭോക്താക്കളുമായി സുഹൃദ്ബന്ധം പുലർത്തുവാനും സംവിധാനങ്ങൾ ഉണ്ടായിരുന്നു.

1997-നും 2001-നും ഇടയിൽ ഏഷ്യൻ അവന്യൂ (Asian Avenue), മൈജന്റ് (Migent), ബ്ലാക്ക് പ്ലാനറ്റ് (Black Planet) എന്നിവ പ്രത്യക്ഷപ്പെട്ടു. എന്നാൽ, സോഷ്യൽ നെറ്റ്‌വർക്കിനോട് ഒരു വ്യത്യസ്ത സമീപനം പുലർത്തിയത് 1999-ൽ ആരംഭിച്ച ലൈവ് ജേണൽ (Live-Journal) ആണ്. നിരന്തരമായി അപ്ഡേറ്റ് ചെയ്യാവുന്ന ബ്ലോഗുകളായിരുന്നു ഇതിന്റെ പ്രത്യേകത. MMORPGS (Massively Multiplayer online Role-Playing Games) എന്ന ഗെയിമുകളും ഒരർത്ഥത്തിൽ സോഷ്യൽ മീഡിയയുടെ ഭാഗമാണ്. ഇതിൽ ഏറ്റവും പ്രസിദ്ധമായത് കളിക്കാർ തമ്മിൽ, കളിലോകത്തിലോ, അതുമായി ബന്ധപ്പെട്ട വേദികളിലോ, കമ്മ്യൂണിറ്റി സൈറ്റുകളിലോ പാരസ്പര്യം (Interaction) പുലർത്താവുന്ന വേൾഡ് ഓഫ് വാർക്രാഫ്റ്റ് (World of warcraft) ആണ്.

സോഷ്യൽ നെറ്റ്‌വർക്കിങ്ങിലെ കുതിച്ചുചാട്ടങ്ങൾ തുടങ്ങിയത് 2000-ത്തോടെയാണ്. 2002-ൽ രൂപീകൃതമായ Friendster ആണ് ശരിയായ അർത്ഥത്തിലുള്ള ആദ്യത്തെ ആധുനികവും സാധാരണവുമായ സോഷ്യൽ നെറ്റ്‌വർക്ക്. Friendster-ന്റെ തൊണ്ണൂറ് ശതമാനം ഗതാഗതവും ഏഷ്യയിൽ നിന്നാണ്. സുഹൃത്തുക്കളെ കണ്ടെത്തുക, പിന്നീട് സുഹൃത്തുക്കളുടെ സുഹൃത്തുക്കളെ കണ്ടെത്തുക, അങ്ങനെ ഈ ശൃംഖല വിപുലപ്പെടുത്തുക എന്ന സംവിധാനത്തിലാണ് Friendster പ്രവർത്തിക്കുന്നത്.

2003-ൽ നിലവിൽ വന്ന Hi 5-വാണ് അടുത്തത്. 2003-ൽ രൂപീകൃതമായ ലിങ്ക്ഡ്ഇൻ (Linke-dIn) ആണ് ആദ്യത്തെ തൊഴിൽ സംബന്ധമായ സോഷ്യൽ നെറ്റ്‌വർക്ക്. 2003-ൽ സ്ഥാപിതമായ My Space 2006-ൽ ആയപ്പോഴേക്കും ലോകത്തിലെ ഏറ്റവും പ്രീയങ്കരമായ സോഷ്യൽ നെറ്റ്‌വർക്കായി വളർന്നു. My Spacce-ൽ സ്വന്ത ഇഷ്ടപ്രകാരം പ്രൊഫൈലിന്റെ രൂപം തീർക്കുവാനും സംഗീതവും വീഡിയോയും പോസ്റ്റ് ചെയ്യുവാനുള്ള സ്വാതന്ത്ര്യവും ഉണ്ട്.

ഹാഡ്‌വാഡ് (Hardvard) സർവ്വകലശാലയ്ക്ക് മാത്രം പരിമിതപ്പെടുത്തി Spacemash എന്ന site ആയിട്ടായിരുന്നു ഒക്ടോബർ 2003-ൽ Facebook-ന്റെ തുടക്കം. 2005-ലാണ് Facebook നിരവധി സർവ്വകലശാലകളിലേക്ക് വ്യാപിക്കപ്പെടുന്നത്. Facebook-ന് ആരംഭം കുറിച്ചത് മാർക്ക് സുക്കർ ബർഗ് (Mark Zuckerberg) ആണ്. ഇന്ന് Face-book account ഇല്ലാത്ത ഒരാളിനെ സ്വതം (Identity) ഇല്ലാത്ത ഒരാളായാണ് പലരും കാണുന്നത്. ഇന്ന് ഇതിന് 800 മില്യൻ ഉപഭോഗ്താക്കളുണ്ട്.

ഇന്ത്യയിൽ പ്രചുരപ്രചാരം നേടിയിരുന്ന, പക്ഷേ ഇപ്പോൾ ജനപ്രിയതയിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്ന സോഷ്യൽ നെറ്റ്‌വർക്കാണ് ഗൂഗിളിന്റെ സ്വന്തം Orkut. Multiply, Kontain എന്നിവയും സോഷ്യൽ നെറ്റ്‌വർക്ക് പട്ടികയിൽപ്പെടുന്നതാണ്.

സവിശേഷ താല്പര്യങ്ങൾ പുലർത്തുന്ന സമൂഹങ്ങൾക്കായുള്ള വിശിഷ്ട സൈറ്റുകൾ ഇന്ന് നിലവിലുണ്ട്. Ning അത്തരമൊരു പ്ലാറ്റ്ഫോം ആണ്. അംഗങ്ങൾക്ക് പൈസ കൊടുത്ത് സ്വന്തം ബ്രാന്റ് ഈ സൈറ്റിൽ പ്രചരിപ്പിക്കാവുന്നതാണ്.

കമ്പനികൾ സ്പോൺസർ ചെയ്യുന്ന സോഷ്യൽ നെറ്റ്‌വർക്കുകളും നിലവിലുണ്ട്. എല്ലാ വ്യവസായങ്ങളിലും അവ നിലനിൽക്കുന്നു. ഹാർപ്പർ കോളിൻസ് (Harpercollins) എന്ന പ്രസിദ്ധീകരണശാലയുടെ UK division host ചെയ്തിരിക്കുന്ന Authonomy എന്ന നെറ്റ്‌വർക്ക് എഴുത്തുകാർക്കുവേണ്ടിയുള്ളതാണ്.

സോഷ്യൽ നെറ്റ്‌വർക്കുകൾ മീഡിയ ഷെയറിംഗിനുള്ള വേദികൾ കൂടിയാണ്. ഫോട്ടോകൾ, വീഡിയോകൾ മറ്റു മൾട്ടി മീഡിയാ കൊണ്ടെന്റ്സ് എന്നിവ ഷെയർ ചെയ്യാവുന്നതാണ്. 2003-ൽ നിലവിൽ വന്ന ആദ്യത്തെ ഫോട്ടോ ഷെയറിംഗ് നെറ്റ്‌വർക്ക് ആണ് Photo Bucket. അതുപോലെ തന്നെ ഫോട്ടോകളും പ്രതിബിംബങ്ങളും വീഡിയോകളും മറ്റും പ്രചരിപ്പിക്കാവുന്ന ഒരു സോഷ്യൽ നെറ്റ്‌വർക്കാണ് Flicker.

2005-ൽ ആരംഭിച്ച Youtube ആണ് ഏറ്റവും വലിയ വീഡിയോ ഷെയറിംഗ് സൈറ്റ്. ഇന്ന് HD (High Defenition) വീഡിയോകളും T.V. ഷോകളും സിനിമകളുമെല്ലാം പോസ്റ്റ് ചെയ്യാൻ കഴിയാവുന്ന ഒരു സോഷ്യൽ നെറ്റ്‌വർക്കാണ് Youtube. ഇത് ഗൂഗിളിന്റെ ഭാഗമാണ്.

പ്രശ്സ്തരെല്ലാം പ്രതികരണവും അഭിപ്രായവുമെല്ലാം

**(ശേഷം രണ്ടാം പേജിൽ)**

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com

വേദവിചാരം

## ഭാരതം യേശുവിനെ അറിയട്ടെ



**പാസ്റ്റർ ബിജു ബഞ്ചമിൻ**

2012 ഡിസംബർ 16ന് ഭാരതത്തെ സംഭ്രമത്തിലാക്കിയ ആ ക്രൂരകൃത്യം നടന്നു. തന്റെ സുഹൃത്തിനോടൊപ്പം ബസിൽ യാത്ര ചെയ്ത 23 കാരിയെ വാഹനത്തിൽ ഉണ്ടായിരുന്ന നാലു പേർ ചേർന്ന് മാനഭംഗപ്പെടുത്തുകയും ഇരുമ്പു വടികൊണ്ട് അടിച്ച് പരുക്കേൽപ്പിച്ച ശേഷം വഴിയിൽ ഉപേക്ഷിക്കുകയും ചെയ്തു. രാത്രി 9 മണിയോടെ കൂട്ടുകാരനോടൊപ്പം സിനിമ കണ്ട് മടങ്ങുമ്പോഴായിരുന്നു ആക്രമണം. അനധികൃത സർവ്വീസ് നടത്തുകയായിരുന്ന ബസിൽ ആക്രമണത്തെ തടുത്ത സുഹൃത്തിനെ വടികൊണ്ട് അടിച്ചുവീഴ്ത്തി. പെൺകുട്ടിയുടെ ജനനേന്ദ്രിയത്തിലൂടെ കമ്പി കുത്തിക്കയറ്റുകയും ചെയ്തു (മലയാള മനോരമ- 30, ഡിസംബർ, 2012). ബസ് യാത്രക്കിടെ വിദ്യാർത്ഥിനി കൂട്ട മാനഭംഗത്തിനിരയായ സംഭവത്തിൽ ഡൽഹി പ്രതിഷേധ കൊടുങ്കാറ്റിൽ ആടിയുലഞ്ഞു. പാർലമെന്റ് മന്ദിരത്തിനുമുന്നിൽ എം.പി.മാർ ധർണ്ണ നടത്തി. വിദ്യാർത്ഥി-യുവജന പ്രക്ഷോഭം ഡൽഹിയെ നടുക്കി. രാഷ്ട്രപതി ഭവനും പ്രധാനമന്ത്രിയുടെ ഓഫീസും ആഭ്യന്തര പ്രതിരോധ വകുപ്പുകളും സ്ഥിതി ചെയ്യുന്ന തന്ത്രപ്രധാന മേഖലയിലേക്ക് പ്രതിഷേധവുമായി ആയിരക്കണക്കിനു ആളുകൾ ഇരച്ചുകയറി (മലയാള മനോരമ- 23, ഡിസംബർ, 2012).

ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന മുറവിളികൾ മുഴങ്ങി നിൽക്കവേ മറ്റു സമാന്തര സംഭവങ്ങളുടെ വാർത്തകൾ മന:സാക്ഷിയുള്ള ഭാരതീയരുടെ ഹൃദയങ്ങളെ വേദനയിലാഴ്ത്തി. 2012 ഡിസംബർ 26 ബുധനാഴ്ച രാത്രിയിൽ ഡൽഹിയിൽ തന്നെ 42 വയസ്സുകാരിയെ മൂന്നുപേർ ചേർന്ന് ലൈംഗികമായി പീഡിപ്പിച്ച ശേഷം സൗത്ത് ഡൽഹിയിൽ ഉപേക്ഷിക്കുകയായിരുന്നു (ഇന്ത്യൻ എക്സ്പ്രസ്, ഡിസംബർ 28, 2012). തമിഴ്നാട്ടിലെ കടലൂർ ജില്ലയിലെ വിദുരാചലത്ത് നിന്നുള്ള കൂട്ടമാനഭംഗത്തിന്റെ വാർത്ത രാജ്യം ഞെട്ടലോടെയാണ് കേട്ടത് (മലയാള മനോരമ- ഡിസംബർ 28, 2012). ഗോരഖ്പൂർ-പുരബിയ എക്സ്പ്രസിൽ വിദ്യാർത്ഥിനിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചതിന് ടി.ടി.ഇ. അറസ്റ്റിലായി. സഹപാഠികൾക്കൊപ്പം എ.സി. കോച്ചിൽ കയറിയ പെൺകുട്ടിയോട് ടി.ടി.ഇ. മോശമായി പെരുമാറുകയും മാനഭംഗശ്രമം നടത്തുകയും ചെയ്തുവെന്ന് വിദ്യാർത്ഥിനിയുടെ പിതാവ് പരാതി നൽകി.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ ഭാരതത്തിൽ വർദ്ധിച്ചുവരുന്നു. വികസനത്തിന്റെ വൻ സമുച്ചയങ്ങൾ ഉയർന്നുപൊങ്ങുമ്പോഴും സാംസ്കാരിക തകർച്ചയുടെ പ്രക്ഷുബ്ധതയാണ് പ്രകടമാകുന്നത്. വലിയ ഒരു സമൂഹം ഭാരതത്തിൽ മാനസികത്തകർച്ചയനുഭവിക്കുന്നു. കുറ്റകൃത്യങ്ങളുടെ ഇരകളും അവരുടെ കുടുംബങ്ങളും പരിഹരിക്കുവാൻ കഴിയാത്ത തകർച്ചകളും ഉണങ്ങുവാൻ പ്രയാസമുള്ള മുറിവുകളും ഏറ്റുവാങ്ങുന്നു. അവരുടെ സങ്കടങ്ങൾ ബൃഹത്താണ്. "ഞാനും ഒരു പെൺകുട്ടിയുടെ അമ്മയാണ്. അവൾ അനുഭവിക്കുന്ന വേദന എനിക്ക് മനസ്സിലാകും. എന്റെ മകൻ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ആ മുഖം പോലും എനിക്ക് കാണേണ്ട. അവനെ തൂക്കിലേറ്റണം". ബസിൽ യുവതിയെ മാനഭംഗപ്പെടുത്തിയ പ്രതികളിൽ പിടിയിലായ വിനയ് ശർമ്മയുടെ മാതാവിന്റെ വാക്കുകളാണിത് (മനോരമ 21, ഡിസംബർ 2012). മകളുടെ മരണം താങ്ങാനാവാതെ അവളുടെ വേർപാടിൽ മനംനൊന്ത് ആ യുവതിയുടെ അമ്മ തളർന്നു വീണു. മുറിവേറ്റു പിടയുന്ന മാതാപിതാക്കൾ ഭാരതത്തിൽ അനവധിയാണ്. ഈ രണ്ടുപേർ അവരുടെ പ്രതിനിധികൾ മാത്രം.

ഭാരതം സ്ത്രീകളെ ബഹുമാനിച്ചിരുന്നു. ഭൂമി അമ്മയായും നദികൾ ദേവതകളായും വാഴ്ത്തപ്പെട്ടിരുന്നു. ഉപഭോഗ സംസ്ക്കാരവും മന:സാക്ഷി ഇല്ലാതെയാക്കുന്ന പ്രതിലോമ പ്രവൃത്തികളും ഭാരതത്തിന്റെ ഹൃദയത്തിൽ കടുത്ത രക്ത സമ്മർദ്ദം സംജാതമാക്കുന്നു. തിന്മയുടെ കരാളഹസ്തങ്ങൾ എല്ലാ മേഖലകളിലും വ്യാപരിക്കുന്നു. കുറ്റകൃത്യങ്ങളുടെ സംഹാരതാണ്ഡവം ജനഹൃദയങ്ങളിൽ ഭീതിയും സുരക്ഷിത രാഹിത്യവും പ്രദാനം ചെയ്യുന്നു. കുറ്റകൃത്യങ്ങളുടെ സ്വഭാവം വർഗ്ഗീകരിക്കുകയും അവയുടെ പ്രതിരോധ നടപടികളുടെ സാധ്യതകളും പരിശോധിക്കുമ്പോൾ മൂന്ന് ആശയങ്ങൾ നമുക്ക് ലഭിക്കുന്നു.

1. കേടുപാടുകൾ കുറ്റമറ്റ നിലവാരത്തിൽ പരിഹരിക്കേണ്ട മുറിവുകളാണ് കുറ്റകൃത്യങ്ങൾ (പ്രത്യേകിച്ച് ലൈംഗിക കുറ്റകൃത്യങ്ങൾ) സമ്മാനിക്കുന്നത്.

2. കുറ്റകൃത്യങ്ങൾക്കെതിരെയുള്ള പ്രതികരണങ്ങളിൽ അതിൽ ഇരയായവരെയെല്ലാം ഉൾപ്പെടുത്തണം.

3. സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമൂഹവും സഹകരണവും പരിപൂരകങ്ങളായ പ്രവർത്തനങ്ങളും കാഴ്ച വെക്കണം.

ഇന്നിന്റെ ഭാരതീയ പശ്ചാത്തലത്തിൽ നാലാമത് ഒരാശയം കൂടി ചേർക്കുമ്പോഴേ കുറ്റകൃത്യങ്ങളുടെ മുറിവുകളും തകർച്ചയും ഏറ്റുവാങ്ങുന്നവരെ സമാധാനത്തിലേക്കും സ്വസ്ഥതയിലേക്കും പുന:സ്ഥാപിക്കുവാൻ സാധിക്കു. ആ ആശയത്തിന്റെ സത്തയും സ്വരൂപവും കർത്താവായ യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന് മാത്രമേ അടിസ്ഥാനപരമായി വ്യക്തികളെയും സമൂഹത്തെയും രൂപാന്തരപ്പെടുത്തുവാൻ സാധിക്കയുള്ളു. യേശുവിന്റെ ശിഷ്യന്മാരുടെ സമൂഹമായ സഭ ഭാരതത്തിൽ ആ വലിയ ദൗത്യത്തിന്റെ വക്താക്കളാകണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഉറവിടമായ യേശുവിനെ മറ്റേത് കാലഘട്ടത്തേക്കാളും ഇന്ന് ഭാരതത്തിന് ആവശ്യമാണ്. ദൈവസ്നേഹം രുചിച്ചറിഞ്ഞ ദൈവമക്കൾ കർമ്മനിരതരാകണം. ആത്മീയതയുടെ കേവലം മുഖംമൂടികൾ മാറ്റിവച്ച് ഫലപ്രദമായ കർമ്മ മണ്ഡലത്തിലേക്ക് നം ഇറങ്ങിവരണം. നല്ല ശമര്യാക്കാരായി ഭാരതത്തെ ക്രിസ്തുവിനായി നേടണം (മത്തായി 25:36; ലൂക്കൊസ് 10:29-37). നീതിക്കും സമാധാനത്തിനും നാം സ്ഥാനാപതികളായിത്തീരുമ്പോൾ അനേക കണ്ണുകളിലെ കണ്ണുനീരൊപ്പുവാൻ ക്രിസ്തുവിന്റെ പാതയിലൂടെ നമുക്ക് സാധ്യമാകും. പുതുവർഷത്തിന്റെ പ്രഭാത ദിനങ്ങളിൽ നമ്മുടെ പ്രചോദനമായി ഈ ചിന്തകൾ തീരട്ടെ. ഭാരതമണ്ണിൽ യേശുവിന്റെ സന്ദേശം സധൈര്യം നമുക്ക് സുവിശേഷിക്കാം.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*